(ഡി) അടിയന്തര ശസ്ത്രക്രിയയ്ക്ക് വിധേയരായി ചികിത്സാ ചെലവുകളുടെ രേഖകൾ സഹിതം സർക്കാരിന് ലഭിച്ച അപേക്ഷകളിൽ 350-ഓളം അപേക്ഷകളിന്മേൽ തീരുമാനം എടുക്കാനുണ്ട്.

## ധനകാര്യ കമ്മീഷന്റെ ശിപാർശ

154 (499) ശ്രീ. എളമരം കരീം :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. എ. പ്രദീപ് കുമാർ :
ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ കമ്മി നികത്തുന്നതിലേക്ക് പതിനാലാം ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്ത സഹായങ്ങൾ വിശദമാക്കുമോ ; എന്തെല്ലാം നിബന്ധനകൾക്ക് വിധേയമായിട്ടാണ് പ്രസ്തുത സഹായങ്ങൾ അനുവദിക്കുന്നത് ;

(ബി) ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള ധന ദൃഢീകരണ പാതയിലെ ലക്ഷ്യം കൈവരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദീകരിക്കാമോ ;

(സി) ഏതെല്ലാം മേഖലയിൽ എന്തെല്ലാം വിധത്തിലുള്ള സാമ്പത്തിക അച്ചടക്കം പാലിക്കാൻ ഉദ്ദേശിക്കുന്നു ; വിശദമാക്കാമോ ;

(ഡി) ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം ബഡ്ജറ്റിൽ പ്രതീക്ഷിച്ച തുക എത്ര ?

### ഉത്തരം

(എ) റവന്യൂ കമ്മി നികത്തുന്നതിനായി പതിനാലാം ധനകാര്യ കമ്മീഷൻ 9,519 കോടി രൂപയുടെ ഗ്രാന്റ് 2015-18 കാലയളവിലേക്കായി സംസ്ഥാനത്തിന് ശിപാർശ ചെയ്തിട്ടുണ്ട്. പ്രസ്തുത ഗ്രാന്റ് റിലീസ് ചെയ്യുന്നതിന് പ്രത്യേക നിബന്ധനകളൊന്നും ധനകാര്യ കമ്മീഷൻ വച്ചിട്ടില്ല. എന്നാൽ സംസ്ഥാനങ്ങൾ സ്വീകരിക്കുന്ന ധന ദൃഢീകരണ നടപടികളുടേയും നികുതി കാര്യക്ഷമതയുടേയും അടിസ്ഥാനത്തിൽ മാത്രമേ റവന്യൂ കമ്മി ഗ്രാന്റ് അനുവദിക്കുകയുള്ളൂ എന്ന് കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള ധന ദൃഢീകരണ പാതയിലെ ലക്ഷ്യം കൈവരിക്കുന്നതിന് അധിക വിഭവ സമാഹരണത്തിനായി 23-9-2014-ലെ സ.ഉ. (പി) നമ്പർ 409/2014/ധന., 10-11-2014-ലെ സ.ഉ. (പി) നമ്പർ 482/2014/ധന., എന്നീ സർക്കാർ ഉത്തരവുകളിലൂടെയും ഉൽപ്പാദനക്ഷമമല്ലാത്ത ചെലവുകൾ നിയന്ത്രിക്കുന്നതിന് 8-8-2012-ലെ സ.ഉ. (പി) നമ്പർ 442/2012/ധന., 11-10-2013-ലെ സ.ഉ. (പി) നമ്പർ 515/2013/ധന., 23-1-2015 - ലെ സ.ഉ. (പി) നമ്പർ 48/2015/ ധന. എന്നീ സർക്കാർ ഉത്തരവുകളിലൂടെയും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിന്റെ ഭാഗമായി ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു :

1. വിവിധ സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയിലെ ഉദ്യോഗസ്ഥരുടെ ഡെപ്യൂട്ടേഷൻ നിയമനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തി.

2. പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തി.

3. ആവശ്യമില്ലാത്ത താത്കാലിക തസ്തികകൾ കണ്ടെത്തുന്നതിനും അവസാനിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

4. സർക്കാർ ഉദ്യോഗസ്ഥരുടെയും മറ്റും വിദേശയാത്രകൾക്ക് നിയന്ത്രണം ഏർപ്പെടുത്തി.

5. വാഹനം വാങ്ങുന്നതിനും വാഹന ഉപയോഗത്തിനും കർശന നിയന്ത്രണം ഏർപ്പെടുത്തി.

6. സാമ്പത്തിക വർഷത്തിന്റെ അവസാനത്തിൽ സർക്കാർ വകുപ്പുകൾ പദ്ധതി വിഹിതം യഥാർത്ഥത്തിൽ ചെലവുചെയ്യുന്നതിനുപകരം ട്രഷറി അക്കൗണ്ടിലേക്ക് മാറ്റി ചെലവുകാണിക്കുന്ന പ്രവണത നിർത്തലാക്കുന്നതിന് ഇലക്ട്രോണിക് ലെഡ്ജർ അക്കൗണ്ടിംഗ് സിസ്റ്റം നടപ്പിലാക്കിയിട്ടുണ്ട്.

(ഡി) പതിനാലാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം കേന്ദ്ര നികുതിയിനത്തിൽ 13,121.77 കോടി രൂപ സംസ്ഥാനത്തിനായി കേന്ദ്ര ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പതിനാലാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരമുള്ള ഗ്രാന്റുകൾക്കായി എല്ലാ സംസ്ഥാനങ്ങൾക്കുമായി 88,864.52 കോടി രൂപ 2015-16 വർഷത്തെ കേന്ദ്ര ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly